**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മ സേനയുടെ പ്രാഥമിക ചെലവ് വഹിക്കുന്നതിനായി ആറ് മാസത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനുള്ള തുക പ്ലാൻ ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1391/2018/തസ്വഭവ തിരുവനന്തപുരം, തീയതി 19.05.2018

പരാമർശം :- 1) 15.07.2017 ലെ സ. ഉ(സാധാ)നം. 2420/2017/തസ്വഭവ നമ്പർ ഉത്തരവ്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.10.2017 ലെ 2152/C1/2016/SM നമ്പർ കത്ത്

3) 29.11.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.2

**ഉത്തരവ്**

ഹരിത കേരളം മിഷന്റെ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമായ ഹരിതകർമ്മസേനയുടെ രൂപീകരണം, സംഘടനാ സംവിധാനം, സേവനങ്ങൾ, ഹരിതകർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനുള്ള സംവിധാനമായ ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനം, ഹരിതകർമ്മ സേനയുടെയും ഹരിതസഹായസ്ഥാപനത്തിന്റെയും സാമ്പത്തിക വിശകലനം, യൂസർ ഫീ എന്നിവ സംബന്ധിച്ച് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഹരിതകർമ്മ സേന ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ കഴിയും വിധം യൂസർ ഫീ ലഭിച്ചു തുടങ്ങാൻ കാലതാമസമുണ്ടാകുമെന്നതിനാൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രാഥമിക ചെലവുകൾ വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വയബിലിറ്റി ഗ്യാപ് ഫണ്ട് നീക്കി വയ്ക്കണം എന്നും, വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിതകർമ്മസേനയുടെ പ്രവർത്തന ചെലവുകൾ, ഹരിതസഹായസ്ഥാപനത്തിനുള്ള ഫീസ്, പൊതു സംവിധാനം ഒരുക്കുന്നതിനുള്ള മൂലധന -ആവർത്തന ചെലവുകൾ എന്നിവ ഓരോ പ്രദേശത്തിന്റെയും മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പ്രത്യേകം പ്രത്യേകമായി തന്നെ നിജപ്പെടുത്തണം എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. ഹരിതകർമ്മസേനയെ സംരംഭ മാതൃകയിൽ വളർത്തി അവരുടെ സുഗമവും സുസ്ഥിരവുമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ചുവടെ പറയുന്ന നിരക്കിൽ

വയബിലിറ്റി ഗ്യാപ് ഫണ്ട് ആകെ വാർഡുകളുടെ എണ്ണത്തിന് അനുസൃതമായി നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപറേഷൻ എന്നിവയുടെ വികസന ഫണ്ടിൽ (ഹരിതകേരളം മിഷന് വേണ്ടി പൊതു വിഭാഗം ഫണ്ടിൽ വകയിരുത്തുന്ന തുക) നിന്നും നീക്കി വച്ച് പ്രോജക്ട് തയാറാക്കി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന്, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| | |
|---|---|
| ഗ്രാമ പഞ്ചായത്തുകൾക്ക് ഒരു വാർഡിന് | - 23,175/- രൂപ |
| മുനിസിപ്പാലിറ്റികൾക്കു ഒരു വാർഡിന് | - 46,350/- രൂപ |
| കോർപറേഷനുകൾക്ക് ഒരു വാർഡിന് | - 92,700/- രൂപ |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് ആറ് മാസത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനുള്ള തുക മേൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ അധികരിക്കാതെ പ്ലാൻ ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (3)ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I) യാതൊരു സാഹചര്യത്തിലും ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് അധിക ഫണ്ട് അനുവദിക്കുന്നതല്ല

ii) മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നീക്കി വയ്ക്കുന്ന 10 % തുകയിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടതാണ്.

iii) വയബിലിറ്റി ഗ്യാപ് ഫണ്ട് , ഹരിത കർമ്മ സേനയുടെ പ്രവർത്തന ചെലവുകൾ, ഹരിത സഹായ സ്ഥാപനത്തിനുള്ള ഫീസ്, പൊതു സംവിധാനം ഒരുക്കുന്നതിനുള്ള മൂലധന - ആവർത്തന ചെലവുകൾ ഓരോ പ്രദേശത്തിന്റെ മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പ്രത്യേകം പ്രത്യേകമായി നിജപ്പെടുത്തണം എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓരോ വാർഡിന്റെയും വയബിലിറ്റി ഗ്യാപ് ഫണ്ട് ഹരിത കേരളം മിഷൻ പ്രത്യേകം നിശ്ചയിച്ചു നൽകേണ്ടതാണ്. പ്രസ്തുത തുക മേൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ അധികരിക്കാൻ പാടില്ല

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു. എൽ**
**ഗവ. സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ നഗരസഭകൾക്കും (നഗരകാര്യഡയറക്ടർ മുഖേന).
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ് , പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
ധനകാര്യ (എസ്.എഫ്.സി സെൽ-എ) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ ( റൂറൽ )വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ( അർബൻ) സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്